# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4127 24.06.2019-ൽ മറുപടിക്ക്

## ചലച്ചിത്രരംഗത്തെ വനിതകളുടെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ.പി.സി.ജോർജ്ജ്

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചലച്ചിത്രരംഗത്തെ വനിതകളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ചലച്ചിത്ര രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ വിദഗ്ധ സമിതിയെ ,01.07.2017 ലെ സ.ഉ.(കൈ)നം.16/2017/സാ.കാ.വ പ്രകാരം സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ടേംസ് ഓഫ് റഫറൻസ് ഉൾപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കമ്മീഷൻ നാളിതുവരെ എത്ര സിറ്റിംഗുകൾ ഏതൊക്കെ സ്ഥലങ്ങളിൽ നടത്തിയെന്നു വിശദമാക്കുമോ? | (സി) | തിരുവനന്തപുരത്ത് വെച്ച് 32 ഉം കൊച്ചിയിൽ വെച്ച് 57 ഉം ഉൾപ്പെടെ നാളിതുവരെ കമ്മിറ്റി 89 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - ജസ്റ്റിസ് കെ.ഹേമ കമ്മറ്റിയുടെ 'ടേംസ് ഓഫ് റഫറൻസ്' അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ.) നം.661/2017/സാം.കാ.വ. തീയതി, തിരുവനന്തപുരം: 16.11.2017

---

പരാമർശം :- 1. സ.ഉ.(എം.എസ്.) നം.16/2017/സാം.കാ.വ തീയതി 01.07.2017

2. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 26.09.2017 ലെ കെ.എസ്.സി.എ/എ 1/1097/2017 നമ്പർ കത്ത്

## ഉത്തരവ്

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിന് സൂചന (1) പ്രകാരം ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായി മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ 'ടേംസ് ഓഫ് റഫറൻസ്' ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

i. സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സുരക്ഷ തുടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക.

ii. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക

iii. സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

iv. സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽപ്പേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

v. പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ തുടങ്ങിയവമൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vi. സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vii. 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക.

കമ്മറ്റി 6 മാസ കാലയളവിനുള്ളിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കമ്മറ്റിയുടെ യോഗം വിളിച്ച് ചേർക്കുന്നതിന് ആവശ്യമായ നടപടി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.

കെ.ഗീത

അഡീഷണൽ സെക്രട്ടറി.

ജസ്റ്റിസ് ശ്രീമതി കെ.ഹേമ, മൈന, എ 2 ഗാലക്സി വിൻസ്റ്റൺ, ചിലവന്നൂർ റോഡ്, കടവന്ത്ര, കൊച്ചി - 682 020
ശ്രീമതി ശാരദ, സിനി ആർട്ടിസ്റ്റ്, നം.5, സരസ്വതി സ്ട്രീറ്റ്, മഹാലിംഗപുരം, ചെന്നൈ - 600 034
ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് (റിട്ട), SKNRA-134, ശ്രീകൃഷ്ണ നഗർ, ജഗതി, ഗവ.ഹൈസ്കൂളിന് സമീപം, തിരുവനന്തപുരം -14.
} ആമുഖ കത്ത് സഹിതം.

വൈസ് ചെയർപേഴ്സൺ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ